ഇപ്പോഴും ചൈനയിലും ജപ്പാനിലും നിലനിൽക്കുന്നുണ്ടെന്ന് 'പൂണേ' യിൽനിന്നു പ്രസിദ്ധീകരിക്കുന്ന 'ഇതിഹാസപത്രിക'യുടെ ഡിസംബർ ലക്കത്തിലുള്ള ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരുന്നു.

ചൈനയിലും ജപ്പാനിലും ഗണപതിയുടെ തല മാത്രമല്ല, ഉടലും ആനയുടേതുതന്നെയാണ്. അതായത്, പൂർണ ഗജരൂപം. ചിലപ്പോൾ അന്യോന്യം ആലിംഗനംചെയ്യുനിൽക്കുന്ന രണ്ട് ആനകളുടെ രൂപത്തിലും അവർ ഗണപതിയെ ചിത്രീകരിക്കുന്നു. ഇവയിൽ ഒന്ന് കൊമ്പനാനയും മറേറതു പിടിയാനയുമാണ്. ഈ ഇരട്ട ആനകൾക്ക് ചൈനയിൽ 'ഷോടെൻ'എന്നും 'കാൻഗിടെൻ' എന്നും പേരുണ്ടത്രെ. കെട്ടിപ്പിടിച്ച നിലയിലല്ലാതെ, പുറത്തോടു പുറം ചേർന്നു നിൽക്കുന്ന മട്ടിലും ഈ ഇരട്ട ആനകളെ പ്രതിനിധാനംചെയ്യാറുണ്ട്. ഈ പ്രതിമകളെ അവർ പ്രത്യേകമായി ഒരു പെട്ടിയിൽ അടച്ചു സൂക്ഷിക്കുകയും രഹസ്യമായി പുറത്തെടുത്തു പൂജിക്കുകയുംചെയ്യുന്നു.

നാം അറിയുന്ന ഗണപതി പുരുഷനാണ്. പക്ഷേ, 'ഗണേശമണി' എന്നും 'വിനായകി' എന്നും പേരുകളിൽ സ്ത്രീരൂപത്തിലും ഇന്ത്യയിൽ ഗണപതിയെ പൂജിക്കാറുണ്ടെന്ന് 'ഇതിഹാസപത്രി'കയിലെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു.

ജപ്പാനിൽ ഗണപതിയുടെ വിഗ്രഹം (ഷോടെൻ അല്ലെങ്കിൽ കാൻഗിടെൻ) പ്രതിഷ്ഠിച്ച ഇരുന്നൂറിലധികം ക്ഷേത്രങ്ങൾ ഉണ്ടത്രേ. സൗഭാഗ്യത്തിനും വിജയത്തിനും വേണ്ടിയാണ് ജപ്പാൻകാർ ഗണപതിപൂജ നടത്തുന്നതു്. ജപ്പാനിലെ 'നോസക'എന്ന തിരക്കേറിയ വ്യാവസായിക നഗരത്തിലെ വലിയ ക്ഷേത്രത്തിൽ ഗണപതിപൂജയ്ക്കു മാത്രമായി ഒരു മുഴുസമയ പുരോഹിതനെ നിയമിച്ചിരിക്കുന്നു. ചൈനയിൽ തുങ്ഹാങ് എന്ന സ്ഥലത്തു് പാറയിൽ കഴിച്ചുണ്ടാക്കിയ ഒരു ഗുഹയിൽ സൂര്യൻ, ചന്ദ്രൻ, കാമദേവൻ, നവഗ്രഹങ്ങൾ മുതലായ ഹൈന്ദവദേവതകളോടൊപ്പം ഗണപതിയെക്കൂടി ഒരു ചുവർച്ചിത്രത്തിൽ വരച്ചിരിക്കുന്നു. ഈ ചിത്രം ക്രിസ്തുവർഷം ആറാം നൂററാണ്ടിൽ നിർമിക്കപ്പെട്ടതാണത്രേ.

അടുത്ത തവണ അമ്പലത്തിൽച്ചെന്നു് ഗണപതിയുടെ മുമ്പിൽ ഏത്തമിടുമ്പോൾ ഗണപതിയുടെ ഈ അന്താരാഷ്ട്രീയരൂപംകൂടി ഓർമിക്കുക.

(5 ഫെബ്രുവരി, 1984)

## 83. പഴനി ആണ്ടവൻ അലിയുന്നു!

തമിഴ്നാടിൻെറ പരദൈവമാണ് മുരുകൻ. (സുബ്രഹ്മണ്യൻ, സ്കന്ദൻ). താരകാസുരനെതിരെ ദേവസേനയെ നയിക്കുവാനത്രെ ശിവപുത്രനായി മുരുകൻ അവതരിച്ചതു്. സേനാപതി ആയതിനാൽ മുരുകൻെറ ക്ഷേത്രങ്ങളെ 'പടവീടുകൾ' എന്നു വിളിക്കുന്നു. തമിഴ്നാട്ടിൽ മുരുകൻെറ ആറു പടവീടുകൾ ഉണ്ട്. ഇവയിൽ പ്രധാന ഒന്നാണ് തിരു—ആവിനൻകുടി. ഈ സ്ഥലം ഇപ്പോൾ 'പഴനി' എന്ന പേരിലറിയപ്പെടുന്നു. ഇവിടെവെച്ച് ജ്ഞാനപ്പഴം ആവശ്യപ്പെട്ട മുരുകനോട് പിതാവായ ശിവൻ 'പഴം നീ' എന്നു പറഞ്ഞതായും, ആ ചൊല്ല് പിന്നീട് 'പഴനി' എന്നു മാറിയതായും സ്ഥലപുരാണം പറയുന്നു. പഴനിക്കു പണ്ട് 'പൊതിനി' എന്ന പേരും ഉണ്ടായിരുന്നു. പഴയ തമിഴ്നാട്ടിൽ ആധിപത്യം വഹി

ച്ചിരുന്നതു് ചേരർ, ചോളർ, പാണ്ഡ്യർ എന്നീ മൂവരശർ (മൂന്നു രാജാക്കന്മാർ) ആയിരുന്നുവത്രെ. ഇവരിൽ, ചേരർ ഭരിച്ചിരുന്ന പ്രദേശത്താണു് പഴനി. ആയിരത്തി ഇരുനൂറു വർഷം മുമ്പു് 'ചേരമാൻ പെരുമാൾ' എന്ന ചേരരാജാവാണത്രേ പഴനിമലയുടെ മുകളിൽ ഇപ്പോൾ കാണുന്ന മുരുകന്റെ കോവിൽ പണിയിച്ചതു്.

പക്ഷേ, പഴനിക്ഷേത്രത്തിലെ ബിംബത്തിനു് അയ്യായിരം വർഷങ്ങളുടെ പഴക്കമുണ്ടെന്നു് തമിഴർ വിശ്വസിക്കുന്നു. 'സിദ്ധന്മാർ' എന്നറിയപ്പെടുന്ന പതിനെട്ടു ഭക്തകവികൾ തമിഴ്നാട്ടിലുണ്ടായിരുന്നു. 'സിദ്ധവൈദ്യം' എന്ന ചികിത്സാമുറ ഇവർ നടപ്പിലാക്കിയതാണത്രെ. 'സിദ്ധർ പാടൽകൾ' എന്ന പേരിൽ ഇവരുടെ സാഹിത്യ—തത്ത്വശാസ്ത്രകൃതികൾ സമാഹരിക്കപ്പെട്ടിട്ടുമുണ്ടു്. പഴനിയിലെ പണ്ടാരങ്ങളുടെ പൂർവികനും സിദ്ധരിൽ ഒരാളുമായ 'ഭോഗർ' ആണത്രേ ഇന്നു കാണുന്ന പഴനിആണ്ടവന്റെ വിഗ്രഹം നിർമിച്ചതു്. വിഗ്രഹം നിർമിക്കപ്പെട്ടിരിക്കുന്നതു് 'നവപാഷാണങ്ങൾ' കൊണ്ടാണു്. പാഷാണങ്ങൾ ഒരുതരം രാസഔഷധങ്ങളത്രേ. ജാതിലിംഗം, മനശ്ശില (മനയോല), കാന്തം, അതിതാരം, ഗന്ധകം, രസകർപ്പൂരം, വെള്ളപ്പാഷാണം (വെടിയുപ്പു്), ഗൗരീപാഷാണം, തൊട്ടിപ്പാഷാണം എന്നിവയാണത്രെ പഴനി ആണ്ടവന്റെ വിഗ്രഹം നിർമിക്കാൻ ഉപയോഗിച്ചിട്ടുള്ള ഒമ്പതു പാഷാണങ്ങൾ. തിരുമുരുകൽ, കാർമുകിൽ, ഇന്ദ്രകോപം, കുങ്കുമം, ലവണം, ഗൗരി, രക്താ, അഞ്ജന, പവിഴമുത്തു് എന്നിവയാണു നവപാഷാണങ്ങൾ എന്നു് 'ഭോഗർ ഏഴായിരം' എന്ന ഗ്രന്ഥത്തിൽക്കാണുന്നുണ്ടെന്നു് മറ്റൊരു പക്ഷം. ഏതായാലും, ഈ രണ്ടു പട്ടികകളിലുംപെട്ട പല സാധനങ്ങളും ഇന്നു് ആരും തിരിച്ചറിയുന്നില്ല. അവ ചേർത്തു മറ്റൊരു വിഗ്രഹം ഉണ്ടാക്കുന്ന കാര്യം, അതിനാൽ ആലോചിക്കുകയും വേണ്ട.

പക്ഷേ, ആലോചിക്കാതിരിക്കുന്നതെങ്ങനെ? ആണ്ടവൻ അലിഞ്ഞുപോയിക്കൊണ്ടിരിക്കുകയാണത്രേ! വലത്തുകൈയിൽ ഒരു വടി (ദണ്ഡു്) പിടിച്ചു്, ഇടത്തുകൈ ഒക്കത്തു് എളിയിൽ കുത്തി നിൽക്കുന്ന ബാലന്റെ രൂപത്തിലാണു് ആണ്ടവന്റെ (മുരുകന്റെ) ബിംബം നിർമിച്ചിട്ടുള്ളതു്. കൈയിൽ ദണ്ഡു് ഉള്ളതിനാലും ബാലൻ ആയതിനാലും ഈ രൂപം 'ബാലദണ്ഡായുധപാണി' എന്ന പേരിൽ അറിയപ്പെടുന്നു. ബിംബത്തിൽ വസ്ത്രമില്ല. ആണ്ടവൻ ഒരു കോണകം മാത്രമേ ധരിച്ചിട്ടുള്ളൂ. കുട്ടിക്കു് അത്ര മതി.

ആണ്ടവന്റെ ഈ നവപാഷാണബിംബത്തിനു് തേയ്മാനം വന്നുകൊണ്ടിരിക്കുന്നതായി നാല്പതു വർഷം മുമ്പു് അർച്ചകർ (പൂജക്കാർ) കണ്ടുപിടിച്ചു (ഇപ്പോൾ അർച്ചകർ പണ്ടാരങ്ങളല്ല, ബ്രാഹ്മണർ ആണു്). അവർ ഇതിനെപ്പറ്റി, 1942—ൽ അധികാരികളോടു പറഞ്ഞു. ഏഴു വർഷം മുമ്പു്, 1976—ൽ വിഗ്രഹത്തിന്റെ വലംകൈയിന്റെ അറ്റം അടർന്നുപോയി. ഒക്കിൽവെച്ച ഇടംകൈയിന്റെ അറ്റം കഴിഞ്ഞയാണ്ടിൽ നഷ്ടപ്പെട്ടു. ഇപ്പോൾ ആ കൈ എളിയിൽ തൊടുന്നില്ല. വലത്തെ കാതിനും തോളിനും ഇടയിലുള്ള ഭാഗവും വീണുപോയി. തോളിൽ ഒരു കുഴി വന്നു. വലത്തെ കാലും ഇടത്തെ കൈയും എന്നു വീഴുമെന്നു പറയാൻ വയ്യാത്ത നിലയാണു് ഇപ്പോൾ. 'ദണ്ഡായുധത്തിന്റെ ബലംകൊണ്ടാണു് ഇപ്പോൾ സ്വാമി വീഴാതെ നിൽക്കുന്നതു്' എന്നാണത്രെ പഴനി ആണ്ടവന്റെ അർച്ചകരിൽ ഒരാളായ കണ്ണൻഗുരുക്കൾ പറയുന്നതു്.

ആണ്ടവൻ ഇങ്ങനെ അലിഞ്ഞുപോകുന്നതിനു കാരണം എന്തെന്നല്ലേ? മുരുകൻ അഭിഷേകപ്രിയനാണു്. പഴനി ആണ്ടവന്റേതു് 'അഗ്നിബിംബം' ആണെന്നും, നിരന്തരം അഭിഷേകം നടത്തിക്കൊണ്ടിരുന്നി

ല്ലെങ്കിൽ ബിംബം കത്തിപ്പോവുകയോ,പൊട്ടിത്തെറിക്കുകയോചെയ്യു മെന്നും ഭക്തന്മാർ വിശ്വസിക്കുന്നു. പാൽ, ചന്ദനം, തേൻ, പഞ്ചാമൃതം, ഭസ്മം, പനിനീർ മുതലായ പല വസ്തുക്കളും അഭിഷേകത്തിനായി, കാവ ടികളിൽ കെട്ടിയെടുത്തു്, ഭക്തന്മാർ പഴനിയിലെത്തിക്കുന്നു. ഓരോ ദിവസവും ഇങ്ങനെ ഭക്തരുടെ വഴിപാടായി അറുന്നൂറ്—എഴുന്നൂറ് അഭി ഷേകങ്ങൾ ഉണ്ടാകാറുണ്ടത്രെ. കാർത്തികനാളിൽ ആയിരത്തിൽ കുറ യാതെ അഭിഷേകങ്ങൾ നടക്കുന്നു. അങ്ങനെ ഒരാണ്ടിൽ രണ്ടരലക്ഷം അഭിഷേകങ്ങൾ സ്വാമിയുടെ ബിംബത്തിനു താങ്ങേണ്ടിവരുന്നു.

അഭിഷേകവസ്തുക്കളിൽ ഈയിടെയായി ധാരാളം മായം കലർത്ത പ്പെടുന്നുണ്ടെന്നും അതുകൊണ്ടാണ് വിഗ്രഹത്തിനു തേയ്മാനം വരുന്നതു് എന്നുമാണ് തമിഴ്നാട്ടിലെ ദേവസ്വം മന്ത്രി ശ്രീ വീരപ്പൻ പറയുന്നതു്. അഭിഷേകവസ്തുക്കൾ പ്രസാദമായി വാങ്ങി ഭക്തർ ഭക്ഷിക്കാറുണ്ടു്. നവ പാഷാണങ്ങളുടെ സൂക്ഷ്മാംശങ്ങൾ ഈ പ്രസാദങ്ങളിൽ കലർന്നിരിക്കു മെന്നും, അതിനാൽ പ്രസാദങ്ങൾക്കു രോഗനിവാരണശക്തിയുണ്ടെന്നും വിശ്വസിക്കപ്പെടുന്നു. ഈ വിശ്വാസം മുതലെടുത്തു്, ആടിക്കഴിഞ്ഞ പഞ്ചാമൃതം തുടച്ചെടുക്കുമ്പോൾ ബിംബത്തിൽ അമർത്തിച്ചുരണ്ടുക അർച്ച കരുടെ പതിവായിരുന്നുവത്രെ. അങ്ങനെ ബിംബം ചുരണ്ടിച്ചേർത്തു് പഞ്ചാമൃതം വിറ്റു് പല അർച്ചകരും പണക്കാരായി. നനഞ്ഞ ബിംബ ത്തിൽ നഖംകൊണ്ടു മാന്തിയാൽ, നൂററാണ്ടുകളോളം ഈ മാന്തൽ തുട ന്നാൽ, എന്തു സംഭവിക്കുമെന്നു് ഊഹിക്കാവുന്നതേയുള്ളു.

ബിംബത്തിലെ തേയ്മാനം കണ്ടറിഞ്ഞതിനാൽ, 1945—മുതൽ അതിൽ വലിയ മാല്യകൾ ചാർത്താതെയായി. കനത്ത സ്വർണാഭരണ ങ്ങൾ (രാജാലങ്കാരം) ചാർത്തുന്നതും 1976—ൽ നിർത്തിവെച്ചു. ഇക്കഴി ഞ്ഞ ജനുവരി 13—ാം തീയതിമുതൽ മൂലബിംബത്തിൽ (മൂലർ, എന്നു തമിഴ്) ഭക്തർ കൊണ്ടുവരുന്ന വസ്തുക്കൾകൊണ്ടുള്ള അഭിഷേകം നടത്താ തായി. ഓടുകൊണ്ടു വാർത്തുണ്ടാക്കിയ ഉത്സവബിംബത്തിൽ (ഉത്സവർ എന്നു തമിഴ്, തിടമ്പ് എന്നു മലയാളം) ഈ അഭിഷേകങ്ങൾ നടത്തി യാൽ മതിയെന്നുവെച്ചു. കാഞ്ചി ശങ്കരാചാര്യർ പറഞ്ഞിട്ടാണ് അങ്ങ നെ ചെയ്തതു്. എങ്കിലും ഷട്കാരപൂജകളും, നിത്യനിദാന—അഭിഷേക ങ്ങളും ഇപ്പോഴും മൂലവിഗ്രഹത്തിൽത്തന്നെ നടത്തുന്നതിനാൽ ആരാധക ക്കു പരാതിയൊന്നുമില്ല. അവരുടെ എണ്ണം നാൾക്കുനാൾ അധികമായി വരുന്നതേയുള്ളു. ഇക്കാരണത്താൽ ക്ഷേത്രോപജീവികൾക്കും ആവലാതി യൊന്നുമില്ല.

എങ്കിലും ഇങ്ങനെ പോയാൽ പററില്ലല്ലോ. 'കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടി ഇല്ലാതായി' എന്നു പറഞ്ഞപോലെ, ആണ്ടവൻ അഭിഷേക ത്തിൽ അലിഞ്ഞുപോയാൽ എന്തായിരിക്കും സ്ഥിതി? അധികം താമ സിയാതെ പഴനിക്ഷേത്രത്തിൽ ബിംബം മാററി പ്രതിഷ്ഠിക്കേണ്ടി വരുമെന്നു തീർച്ച. നവപാഷാണങ്ങൾ എന്തെല്ലാമെന്നു് അറിയാത്ത സ്ഥിതിക്കു് പഴയ (ഇപ്പോഴുള്ള) വിഗ്രഹംപോലൊന്നു് പുതിയതായി ഉണ്ടാക്കുകയു അസാദ്ധ്യം. മുരുകന്റെ ഒരു ശിലാവിഗ്രഹം ഉണ്ടാക്കി പ്രതിഷ്ഠിക്കുകയേ, ഒടുക്കം പോംവഴിയുണ്ടാവുകയുള്ളു.

തമിഴ്നാട് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഈ വിഷയം പെട്ടിരി ക്കുന്നു. ഇതു സംബന്ധിച്ച് അനന്തരകരണീയം ആലോചിക്കാൻ ഒരു ജഡ്ജിയുടെ അദ്ധ്യക്ഷതയിൽ ഒരു വിദഗ്ദ്ധ കമ്മിററിയെ നിയമി ക്കുമെന്നു് തമിഴ്നാട്ടിലെ ദേവസ്വംമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടു്.

തമിഴരുടെ എന്നപോലെ പല കേരളീയരുടെയും പരദൈവമാണ് പഴനിയാണ്ടവൻ. 'ആണ്ടിയൂട്ട്' നടത്തി പഴനിമലയ്ക്കു പോവുക—മദ്ധ്യ ഉത്തര കേരളത്തിൽ വളരെ പ്രചാരമുള്ള ഒരു ഈശ്വരാരാധനാസമ്പ്രദായ

മായിരുന്നു. ദക്ഷിണകേരളത്തിൽ ശബരിമലശാസ്താവിനുണ്ടായിരുന്നത്രയോ അതിലധികമോ, ഭക്തർ മദ്ധ്യ—ഉത്തര കേരളത്തിൽ പഴനി ആണ്ടവനുണ്ടായിരുന്നു. മുരുകഭക്തിക്ക് കേരളത്തിൽ ഇപ്പോഴും ക്ഷയം സംഭവിച്ചിട്ടില്ല. കാവിയുടുത്ത പഴനി തീർത്ഥാടകരെ കേരളത്തിലെ ഏതു ഗ്രാമത്തിലും, ഏതു കാലത്തും കാണാം.

അതിനാൽ പഴനിയാണ്ടവന്റെ ബിംബത്തിനു സംഭവിക്കുന്ന തേയ്മാനം കേരളത്തിലും പരക്കെ അമ്പരപ്പ് ഉളവാക്കാതിരിക്കയില്ല.

എന്താ ഈ കേൾക്കുന്നത്! സ്വാമി അലിഞ്ഞലിഞ്ഞു പോവുകയോ? ഹരഹരോ ഹരഹര! സ്വാമ്യേ ഹരഹര!

(11 മാർച്ച്, 1984)

# 84. പത്രങ്ങൾക്ക് ഒരു പെരുമാററച്ചട്ടം

പത്രങ്ങൾക്ക് ഒരു പെരുമാററച്ചട്ടം (കോഡ് ഓഫ് കോൺഡക്ട്) ആവിഷ്കരിക്കണമെന്ന് ഇന്ത്യയിലെ രാഷ്ട്രീയപ്രവർത്തകർ ചിലപ്പോഴൊക്കെ ആവശ്യപ്പെടാറുണ്ട്. ഇപ്പോൾ ഇതാ, പ്രസിദ്ധ പത്രപ്രവർത്തകനായ ശ്രീ അരുൺ ശൗരി ഇതേ ആവശ്യം ശക്തിയായി ഉന്നയിച്ചിരിക്കുന്നു. അദ്ദേഹം നിർദേശിക്കുന്ന പെരുമാററച്ചട്ടത്തിന്റെ മാതൃക താഴെ ചേർക്കുന്നു.

## സന്ദർഭം

1. ഇന്ത്യൻ സമൂഹം 'തുറന്ന' അഭിപ്രായാവിഷ്കരണ സ്വാതന്ത്ര്യമുള്ള ഒന്നായിരിക്കണമെന്ന് ഞാൻ പ്രഖ്യാപിക്കുന്നു. സമൂഹം 'തുറന്നത്'' ആയിരിക്കേണ്ടതിന്റെ ആവശ്യം പണക്കാരേക്കാളേറെ പാവങ്ങൾക്കും പാവങ്ങളുടെ താല്പര്യത്തിന് അനുസൃതമായി സമൂഹത്തെ പരിവർത്തിപ്പിക്കണമെന്ന് ആഗ്രഹിക്കുന്നവർക്കുമാണ്. അതിനാൽ 'തുറന്ന' സമൂഹത്തിൽ ഞാൻ വിശ്വാസമർപ്പിക്കുന്നു. 'തുറന്ന' സമൂഹത്തിലെ സ്ഥാപനങ്ങൾക്കുവേണ്ടി ഞാൻ പൊരുതുന്നതാണ്.

2. നമ്മുടെ സമൂഹത്തെ 'തുറന്നത്'' ആയി നിലനിർത്തുന്നതിനും, അതിനെ പരിഷ്കരിക്കുന്നതിനും അനുപേക്ഷണീയമായ ഒരു ഉപകരണമാണ് സ്വതന്ത്രപത്രസ്ഥാപനങ്ങൾ (പ്രസ്സ്) എന്നു ഞാൻ വിശ്വസിക്കുന്നു. കാരണം, സമൂഹത്തെ പരിഷ്കരിക്കണമെങ്കിൽ ആദ്യമായി നാം ജനങ്ങൾക്കു വിവരങ്ങൾ നൽകണം.

3. ആദ്യമായും അവസാനമായും ഞാൻ ഒരു 'പൗരൻ' ആയിരിക്കുമെന്നും, അല്ലാതെ വെറുമൊരു പത്രത്തൊഴിൽകാരൻ (പ്രൊഫെഷണൽ) മാത്രമായിരിക്കുകയില്ലെന്നും ഞാൻ പ്രഖ്യാപിക്കുന്നു. സാധാരണ പൗരന്മാർക്ക് എന്തെല്ലാം നൽകപ്പെടണമെന്നു ഞാൻ വാദിക്കുന്നുവോ, അതിൽ കവിഞ്ഞ ഒന്നും എനിക്കുവേണ്ടി ഞാൻ അവകാശപ്പെടുന്നതല്ല. അതേസമയം, ഒരു പൗരനെന്ന നിലയിൽ, പൂർണഹൃദയത്തോടെയും ഇളവില്ലാതെയും പൊതുനന്മയ്ക്ക് എന്നെത്തന്നെ ഞാൻ സമർപ്പിക്കും.

4. ബഹുഭൂരിപക്ഷം വരുന്ന ജനകോടികൾക്ക് ശബ്ദിക്കാൻ കഴിവില്ലാത്ത ഒരു സമൂഹത്തിൽ, അനേകായിരം ആളുകളെ സമീപിക്കാൻ കഴിയുന്ന ഒരു അഭിപ്രായാവിഷ്കരണവേദി (ഫോറം) സ്വാധീനമായിരിക്കുക എന്നത് ഒരു പ്രത്യേകാവകാശം (പ്രിവിലേജ്) ആണ്. ഈ ആവിഷ്കരണവേദിയെ ഉപയോഗപ്പെടുത്തുമ്പോൾ, അതുകൊണ്ട് നല്ലതോ, ചീത്തയോ ആയ ധാരാളം ഫലങ്ങൾ ഉണ്ടാകാ